**മധുരമായ കുട്ടികളേ - നിങ്ങൾ വളരെ നല്ല സംഗത്തിൽ ഇരിക്കണം, മോശമായ സംഗത്തിന്റെ നിറം പറ്റിയാൽ വീണുപോകും, കുസംഗം ബുദ്ധിയെ വിലയില്ലാത്ത താക്കി മാറ്റും.**

**ചോദ്യം:-** ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഏതൊരു ഉത്സാഹമാണ് ഉണ്ടാകേണ്ടത്?

**ഉത്തരം:-** നിങ്ങൾക്ക് ഗ്രാമ ഗ്രാമങ്ങളിൽ ചെന്ന് സേവനം ചെയ്യുന്നതിനുള്ള ഉത്സാഹമുണ്ടാകണം. നിങ്ങളുടെ പക്കൽ എന്തെല്ലാമുണ്ടോ, അതെല്ലാം സേവാർത്ഥമാണ്. ബാബ കുട്ടികൾക്ക് നിർദേശം നൽകുകയാണ്- കുട്ടികളേ, ഈ പഴയ ലോകത്തോടുള്ള തന്റെ ബന്ധത്തെ വേർപെടുത്തണം. ഒരു വസ്തുവിലും മമത്വം വെയ്ക്കരുത്, ഇവരിൽ മനസ്സ് വെയ്ക്കരുത്.

**ഗീതം:-** ഈ പാപത്തിന്റെ ലോകത്തിൽ നിന്നും...

**ഓം ശാന്തി**. പാപാത്മാക്കളുടെ ലോകവും പുണ്യാത്മാക്കളുടെ ലോകവും, പേര് ആത്മാക്കളുടേതുതന്നെയാണ് വച്ചിരിക്കുന്നത്. ഇപ്പോൾ ഇവിടെ ദുഃഖമാണ് അതിനാലാണ് വിളിക്കുന്നത്. പുണ്യാത്മാക്കളുടെ ലോകത്തിൽ എവിടേയ്ക്കെങ്കിലും കൊണ്ടുപോകൂ എന്നുപറഞ്ഞ് വിളിക്കുന്നില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്, ഏതെങ്കിലും പണ്ഢിതനോ സന്യാസിയോ ശാസ്ത്രവാദിയോ അല്ല ഇത് കേൾപ്പിക്കുന്നത്. ബ്രഹ്മാവും സ്വയം പറയുന്നുണ്ട്- എനിക്ക് ഈ ജ്ഞാനം അറിയില്ലായിരുന്നു, രാമായണം മുതലായ അനേകം ശാസ്ത്രങ്ങൾ പഠിച്ചിരുന്നു. ബാക്കി ഈ ജ്ഞാനം ഞാൻ നിങ്ങളെ കേൾപ്പിക്കുന്നു. ബ്രഹ്മാവും കേൾക്കുന്നുണ്ട്. ഇപ്പോൾ ഇത് പാപാത്മാക്കളുടെ ലോകമാണ്. പുണ്യാത്മാക്കളെക്കുറിച്ച് ഇവർ ജീവിച്ച് പോയവരാണ് എന്ന് പറയാറുണ്ട്. പൂജ ചെയ്തുവന്നു, ശിവനെയും പൂജ ചെയ്തുവരും, അത്രമാത്രം. നിങ്ങൾ കുട്ടികൾ ഇപ്പോൾ ആരുടെ പൂജ ചെയ്യും? നിങ്ങൾക്ക് അറിയാം ഉയർന്നതിലും ഉയർന്ന ഭഗവാൻ ശിവനാണ്, ബാബ അനുസരണയുള്ള അച്ഛനാണ്, ടീച്ചറാണ്, അനുസരണയുള്ള സദ്ഗുരുവുണ്. കൂടെ കൊണ്ടുപോകുന്നതിനുള്ള ഗ്യാരന്റി മറ്റൊരു ഗുരുവിനും നൽകാൻ കഴിയില്ല. അവർക്ക് എല്ലാവരേയും കൊണ്ടുപോകാൻ കഴിയുമോ. ഇപ്പോൾ നിങ്ങൾ സന്മുഖത്ത് ഇരിക്കുകയാണ്, ഇവിടെ നിന്ന് തന്റെ വീട്ടിലേയ്ക്ക് പോകുമ്പോൾ തന്നെ നിങ്ങൾ മറന്നുപോകും. ഇവിടെ സന്മുഖത്ത് കേൾക്കുമ്പോൾ രസം തോന്നുന്നു. ബാബ അനുനിമിഷം പറയുന്നു - കുട്ടികളേ, നല്ലരീതിയിൽ പഠിക്കൂ. ഇതിൽ തെറ്റ് ചെയ്യരുത്, കുസംഗത്തിൽ പെടരുത്. ഇല്ലെങ്കിൽ കൂടുതൽ മോശമായ ബുദ്ധിയുള്ളവരാകും. കുട്ടികൾക്ക് അറിയാം നമ്മൾ എന്തായിരുന്നു, എന്ത് പാപം ചെയ്തുവെന്ന്. ഇപ്പോൾ നമ്മൾ ഈ ദേവതയാകുകയാണ്, ഈ പഴയ ലോകം അവസാനിക്കാനുള്ളതാണ് പിന്നെന്തിന് ഇവിടുത്തെ കെട്ടിടം മുതലായവയെക്കുറിച്ച് ചിന്തിക്കണം. ഈ ലോകത്തിൽ എന്തെല്ലാമുണ്ടോ അതിനെയെല്ലാം മറക്കണം. ഇല്ലെങ്കിൽ വിഘ്നമുണ്ടാകും. ഇതിൽ മനസ്സ് നിൽക്കില്ല. നമ്മൾ പുതിയ ലോകത്തിൽ നമ്മുടെ വജ്രവും വൈഡൂര്യവും കൊണ്ടുള്ള കൊട്ടാരങ്ങൾ നിർമ്മിക്കും. ഇവിടെയുള്ള പണം മുതലായ എന്തെങ്കിലും വസ്തു നല്ലതായി തോന്നിയാൽ ശരീരം ഉപേക്ഷിക്കുന്ന സമയത്ത് അതിലേയ്ക്ക് മോഹം പോകും. എന്റേത്, എന്റേത് എന്ന് പറഞ്ഞുകൊണ്ടിരുന്നാൽ അത് അവസാനം മുന്നിൽ വരും. ഇതെല്ലാം ഇവിടെ അവസാനിക്കാനുള്ളതാണ്. നമ്മൾ നമ്മുടെ രാജധാനിയിൽ വരും, ഇതിൽ എന്ത് മനസ്സ് വെയ്ക്കാനാണ്. അവിടെ വളരെ അധികം സുഖം ഉണ്ടാകും. പേരുതന്നെ സ്വർഗ്ഗമെന്നാണ്. ഇപ്പോൾ നാം നമ്മുടെ വീട്ടിലേയ്ക്ക് പോകും, ഇത് രാവണന്റെ വീടാണ്, നമ്മുടേതല്ല. ഇതിൽ നിന്നും രക്ഷപ്പെടാനുള്ള പുരുഷാർത്ഥം ചെയ്യണം. പഴയ ലോകത്തോടുള്ള ബന്ധത്തെ വേർപെടുത്തൂ. അതിനാൽ ബാബ പറയുന്നു ഒരു വസ്തുവിനോടും മമത്വം വെയ്ക്കരുത്. ഉദരം അധികമൊന്നും ആവശ്യപ്പെടുന്നില്ല, അനാവശ്യ വസ്തുക്കൾക്കായി ഒരുപാട് ചെലവ് ഉണ്ടാകുന്നു. നിങ്ങൾ കുട്ടികൾക്ക് സേവനം ചെയ്യുന്നതിൽ താല്പര്യം വരണം. ചില കുട്ടികളിൽ ഗ്രാമഗ്രാമങ്ങളിൽ ചെന്ന് സേവനം ചെയ്യുന്നതിനുള്ള താല്പര്യമുണ്ട്. ബാക്കി ആർക്കാണോ സേവനം ചെയ്യുന്നതിനുള്ള താല്പര്യമില്ലാത്തത് അവരെക്കൊണ്ട് എന്ത് പ്രയോജനമാണുള്ളത്. ഏതുപോലെയാണോ അച്ഛൻ അതുപോലെയാകണം കുട്ടികളും. ബാബയുടെ പരിചയം വേണം നൽകാൻ. ബാബയെ ഓർമ്മിക്കൂ, ബാബയിൽ നിന്നും സമ്പത്ത് എടുക്കൂ. കുട്ടികൾക്ക് താല്പര്യം ഉണ്ടാകും - ഞങ്ങൾ ബാബയുടെ സേവനത്തിനായി പോവുകയാണ്. അതിനാൽ ബാബയും ധൈര്യം വർദ്ധിപ്പിക്കുന്നു. ബാബ വന്നിരിക്കുകയാണ് സേവനത്തിനായി, സേവനത്തിനായി എല്ലാമുണ്ട്. ബാബയുടെ പരിചയം എല്ലാവർക്കും നൽകണം. ബാബ ഒരാളെയുള്ളൂ. ഭാരതത്തിൽ വന്നിരുന്നു, ഭാരതത്തിൽ ദേവതകളുടെ രാജ്യമുണ്ടായിരുന്നു. ഇന്നലത്തെ

കാര്യമാണ്, ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നു പിന്നീട് രാമ സീതയുടേയും. പിന്നീട് വാമ മാർഗ്ഗത്തിലേയ്ക്ക് വീണു. രാവണ രാജ്യം ആരംഭിച്ചു, ഏണിപ്പടി താഴേയ്ക്ക് ഇറങ്ങി, ഇപ്പോൾ വീണ്ടും ഉയരുന്ന കലയാണ്, സെക്കന്റിന്റെ കാര്യമാണ്.

ഒന്ന് സത്യമായ സ്നേഹം, അടുത്തത് കൃത്രിമ സ്നേഹം. എപ്പോൾ ആത്മാവാണെന്ന് മനസ്സിലാക്കുന്നുവോ അപ്പോഴേ ബാബയോട് സത്യമായ സ്നേഹം ഉണ്ടാകൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ ലോകത്തിൽ കൃത്രിമസ്നേഹമാണ്. ഇത് അവസാനിക്കാനുള്ളതാണ്. സേവനം ചെയ്യുന്നവർ ഒരിയ്ക്കലും വിശന്ന് മരിക്കില്ല. അതിനാൽ കുട്ടികൾക്ക് സേവനം ചെയ്യുന്നതിൽ താല്പര്യം വേണം. നിങ്ങളുടെ ഈശ്വരീയ മിഷൻ വളരെ സഹജമാണ്. ധർമ്മം എങ്ങനെയാണ് സ്ഥാപിക്കുന്നത് എന്നത് ആരും മനസ്സിലാക്കുന്നില്ല. ക്രിസ്തു വന്നു, ക്രിസ്തു ധർമ്മം സ്ഥാപിച്ചു, ധർമ്മം വളർന്നുകൊണ്ടിരുന്നു. അവരുടെ മതത്തിലൂടെ നടന്ന് നടന്ന് താഴെ വീണുവന്നു, ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ദേഹീ അഭിമാനിയായി മാറണം. അരകല്പം രാവണ രാജ്യത്തിൽ നമ്മൾ ബാബയെ മറന്നു, ഇപ്പോൾ ബാബ വന്ന് ഉണർത്തി. ബാബ പറയുന്നു ഡ്രാമ അനുസരിച്ച് നിങ്ങൾക്ക് വീഴുകതന്നെ വേണം. നിങ്ങളുടേയും ദോഷമല്ല. രാവണരാജ്യത്തിൽ ലോകത്തിന്റെ സ്ഥിതി ഇങ്ങനെയാണ്. ബാബ പറയുന്നു ഇപ്പോൾ ഞാൻ വന്നിരിക്കുന്നു പഠിപ്പിക്കാനായി. നിങ്ങൾ വീണ്ടും നിങ്ങളുടെ രാജധാനി നേടൂ. ഞാൻ മറ്റൊരു ബുദ്ധിമുട്ടും നൽകുന്നില്ല. ഒന്നാമത് ചന്തയിലെ മോശമായ വസ്തുക്കളൊന്നും കഴിക്കരുത് അതുപോലെ എന്നെ മാത്രം ഓർമ്മിക്കൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം- ഇത് ഡ്രാമയുടെ ചക്രമാണ്, ഇത് വീണ്ടും ആവർത്തിക്കും. നിങ്ങളുടെ ബുദ്ധിയിൽ ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. നിങ്ങൾക്ക് ആർക്കുവേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ആദ്യം ബാബയുടെ ഓർമ്മയുണ്ടാകണം. സേവനത്തിനായി പരസ്പരം ഒരുമിച്ച് കൂട്ടുകാരാവണം. മാതാക്കളും ഇറങ്ങണം. ഇതിൽ പേടിക്കേണ്ട ഒരു കാര്യവുമില്ല. ചിത്രം മുതലായ എല്ലാം നിങ്ങൾക്ക് ലഭിക്കും. നിങ്ങളുടെ സേവനം കൂടുതൽ വർദ്ധിക്കും. നിങ്ങളോട് പറയും നിങ്ങൾ പോവുകയാണോ, ഇനി ഞങ്ങളെ ആര് പഠിപ്പിക്കും? പറയൂ, ഞങ്ങൾ സേവനം ചെയ്യുന്നതിന് തയ്യാറാണ്. കെട്ടിടം മുതലായവയുടെ വ്യവസ്ഥ ചെയ്യൂ. വളരെ അധികം പേരുടെ മംഗളാർത്ഥം നിമിത്തമായി മാറും. ബാബ സേവനത്തിനുള്ള ഉത്സാഹം നൽകുന്നു. കുട്ടികളിൽ ധൈര്യം ഉണ്ടെങ്കിൽ സേവനവും വർദ്ധിക്കും. ഇത് ഏതെങ്കിലും മേളയല്ല 10-15 ദിവസം മേള നടന്നു പിന്നെ അവസാനിച്ചു എന്നു പറയാൻ. ഈ മേള നടന്നുകൊണ്ടേയിരിക്കും. ഇവിടെ ആത്മാക്കളും പരമാത്മാവും തമ്മിലുള്ള മിലനം നടക്കുന്നു, ഇതിനെത്തന്നെയാണ് സത്യമായ മേള എന്നു പറയുന്നത്. ഇത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. സേവനം പൂർത്തിയാകുമ്പോഴേ അവസാനിക്കൂ. ഡ്രാമ അനുസരിച്ച് കുട്ടികൾക്ക് സേവനത്തിൽ വളരെ അധികം താല്പര്യം ഉണ്ടാകണം. ഏതൊന്നാണോ പരിധിയില്ലാത്ത ബാബയിലുള്ള ജ്ഞാനം അത് കുട്ടികളുടെ ബുദ്ധിയിലും ഉണ്ട്. ഉയർന്നതിലും ഉയർന്ന ബാബയിലൂടെ നമ്മൾ എത്ര ഉയർന്നവരായി മാറുന്നു. ഇങ്ങനെ ഇങ്ങനെ തന്നോടുതന്നെ സംസാരിക്കണം. പരസ്പരം സെമിനാർ നടത്തണം. ബാബയിൽ നിന്നും നിർദ്ദേശമെടുത്ത് സേവനത്തിൽ മുഴുകൂ. എന്തെങ്കിലും സഹായം ആവശ്യമാണെങ്കിൽ പ്രിയതമനായ ബാബ ഇരിക്കുന്നുണ്ട്. ഇതെല്ലാം ഡ്രാമയിൽ ഉള്ളതാണ്. പേടിക്കേണ്ട ഒരു ആവശ്യവുമില്ല. ഇല്ലെങ്കിൽ എങ്ങനെ സ്ഥാപനയുണ്ടാകും. രണ്ടാമത്തെ കാര്യം ഇതാണ്, ആര് ചെയ്യുന്നുവോ അവർ നേടും. ഇപ്പോൾ നിങ്ങൾ കല്ലുബുദ്ധിയിൽ നിന്നും വജ്രംപോലെയായി മാറുകയാണ്. ബാബ ജ്ഞാനത്തിലൂടെ ഇത്രയും ശ്രേഷ്ഠമാക്കുന്നു, മായ പിന്നീട് മൂക്കിനുപിടിച്ച് തലകീഴാക്കുന്നു.

നിങ്ങൾ കുട്ടികൾ വളരെ നല്ല സംഗത്തിൽ ഇരിക്കണം. മോശമായ സംഗത്തിന്റെ നിറമേറ്റാൽ താഴെ വീണുപോകും. ബാബ സിനിമ മുതലായവ കാണുന്നത് തടയുന്നു. ആർക്കാണോ സിനിമ കാണുന്ന ശീലമുള്ളത് അവർക്ക് പതിതമാകാതിരിക്കാൻ സാധിക്കില്ല. ഇവിടെ ഓരോരുത്തരുടേയും പ്രവർത്തി മോശമായതാണ്, പേരുതന്നെ വേശ്യാലയം എന്നാണ്. ബാബ ശിവാലയം സ്ഥാപിക്കുകയാണ്. വേശ്യാലയത്തിന് പൂർണ്ണമായി തീ പിടിക്കണം. കുംഭകർണ്ണനെപ്പോലെ ആസുരീയ നിദ്രയിൽ ഉറങ്ങിക്കിടക്കുകയാണ്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ശിവാലയത്തിലേയ്ക്ക് പോവുകയാണ്. മുൻപ് നമ്മളും കുരങ്ങന്മാരെപ്പോലെയായിരുന്നു, ഇതിനെക്കുറിച്ച് രാമായണത്തിലും കഥയുണ്ട്. ഇപ്പോൾ നിങ്ങൾ ബാബയുടെ സഹായിയായിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ ശക്തിയിലൂടെ രാജ്യം സ്ഥാപിക്കുകയാണ്. പിന്നീട് ഈ രാവണ രാജ്യം നശിക്കണം. നിങ്ങൾ കുട്ടികൾക്ക് അനേകം പ്രകാരത്തിലുള്ള യുക്തികൾ പറഞ്ഞുതരുന്നു. ആർക്കും ദാനം നൽകുന്നില്ലെങ്കിൽ പിന്നെ ഫലം എങ്ങനെ ലഭിക്കും. ആദ്യമാദ്യം 10-15 പേർക്ക് വഴി പറഞ്ഞുകൊടുത്ത് അതിനുശേഷം ഭക്ഷണം കഴിക്കണം. ആദ്യം ശുഭ കാര്യം ചെയ്തിട്ടുവരൂ, ഇതിൽ തന്നെയാണ് നിങ്ങളുടെ മംഗളം. ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. ഇത് പതിത ലോകമാണ്. പതിത പാവനനായ ഒരു ബാബയെ മാത്രം ഓർമ്മിക്കൂ എങ്കിൽ പാവന ലോകത്തിന്റെ അധികാരിയായി മാറും. അന്തിമ ബുദ്ധി

പോലെ ഗതിയുണ്ടാകും. അതിനാൽ ആർക്കെങ്കിലും സന്ദേശം കേൾപ്പിച്ച് അതിനുശേഷം വന്ന് ഭക്ഷണം കഴിക്കണം. നിങ്ങൾ എല്ലാവരോടും ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കൂ അതായത് ബാബയെ ഓർമ്മിക്കുന്നതിലൂടെ ഇത്രയും ഉയർന്നതായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**രാത്രിക്ലാസ് – 17–3–68**

എപ്പോഴും എന്തെങ്കിലും പ്രഭാഷണം മുതലായവ ചെയ്യണമെങ്കിൽ ഒരുമിച്ച് ഇരുന്ന് രണ്ടോ നാലോ തവണ റിഹേഴ്സൽ ചെയ്യൂ, പോയിന്റ്സ് കൂട്ടിചേർത്ത് തിരുത്തി തയ്യാറാകൂ എങ്കിൽ വളരെ ശുദ്ധമായി പ്രഭാഷണം ചെയ്യാൻ കഴിയും. പ്രധാനമായും ഒരു കാര്യത്തിൽ (ഗീതയുടെ ഭഗവാൻ) നിങ്ങൾ വിജയം നേടിയാൽ ബാക്കി എല്ലാ കാര്യത്തിലും നിങ്ങൾക്ക് വിജയം നേടാൻ സാധിക്കും, ഇതിനായി കോൺഫറൻസ് നടക്കുമല്ലോ! വൃക്ഷത്തിന്റെ വൃദ്ധി തീർച്ചയായും ഉണ്ടാകണം എന്ന് മനസ്സിലാക്കും. മായയുടെ കൊടുങ്കാറ്റ് എല്ലാവർക്കും വരും. എപ്പോഴും എഴുതുന്നു ബാബാ ഞങ്ങൾക്ക് കാമത്തിന്റെ ചാട്ടവാർ അടികൊണ്ടു, ഇതിനെയാണ് സമ്പാദ്യത്തിന്റെ നഷ്ടം എന്ന് പറയുന്നത്. ക്രോധിക്കുകയാണെങ്കിൽ കുറച്ച് നഷ്ടമുണ്ടാക്കി എന്നു പറയും. ഇതിനായി മനസ്സിലാക്കിക്കൊടുക്കേണ്ടതായി വരുന്നു, കാമത്തിനുമേൽ വിജയം നേടി ജഗദ്ജീത്താവുന്നു. കാമത്തിലൂടെ തോൽവി തന്നെ തോൽവി സംഭവിക്കുന്നു. കാമത്താൽ തോൽക്കുന്നവരുടെ സമ്പാദ്യം മുഴുവനും നഷ്ടമാകുന്നു, ശിക്ഷ ലഭിക്കും. ലക്ഷ്യം വളരെ ഉയർന്നതാണ് അതിനാൽ വളരെ ശ്രദ്ധയോടെ ഇരിക്കണം. നിങ്ങൾ കുട്ടികൾക്ക് അറിയാം 5000 വർഷങ്ങൾക്കുമുമ്പും നമുക്ക് സാമ്രാജ്യം ലഭിച്ചിരുന്നു. ഇപ്പോൾ വീണ്ടും ദൈവീക രാജധാനി സ്ഥാപിതമാവുകയാണ്. ഈ പഠിപ്പിന്റെ ആധാരത്തിൽ രാജധാനിയിലേയ്ക്ക് പോകുന്നു, എല്ലാത്തിന്റേയും ആധാരം പഠിപ്പാണ്. പഠിപ്പിലൂടെയും ധാരണയിലൂടെയുമാണ് ബാബയ്ക്ക് സമാനമായി മാറുന്നത്. എത്ര പേരെ തനിക്കുസമാനമാക്കി മാറ്റി എന്നത് അറിയാൻ രജിസ്റ്ററും വേണം. എത്ര കൂടുതൽ ധാരണ ചെയ്യുന്നുവോ അത്രയും മധുരമായി മാറും. വളരെ സ്നേഹിയായ കുട്ടികൾ വേണം. നിങ്ങൾ കുട്ടികൾക്ക് വേണ്ടിയാണ് ഇന്ന് ഈ ദിവസം വന്നിരിക്കുന്നത്, മുക്തിയിലേയ്ക്ക് പോകണം എന്നു കരുതി അതിനുവേണ്ടിയാണ് മനുഷ്യർ വളരെ അധികം പരിശ്രമിക്കുന്നത്. ബാബ എല്ലാവരേയും ഒരുമിച്ച് കൊണ്ടുവന്നാണ് മുക്തിയും ജീവന്മുക്തിയും നൽകുന്നത്. ആരാണോ ദേവതയാവാനുള്ള പുരുഷാർത്ഥം ചെയ്യുന്നത് അവർതന്നെയാണ് ജീവന്മുക്തിയിൽ വരുന്നത്. ബാക്കി എല്ലാവരും മുക്തിയിലേയ്ക്ക് പോകും. കൃത്യമായ കണക്ക് എടുക്കാൻ സാധിക്കില്ല. ചിലരുണ്ടാകില്ല. വിനാശത്തിന്റെ സാക്ഷാത്ക്കാരം കാണും. ഈ സ്വർണ്ണിമ സമയവും കാണും. ഓരോ കാര്യത്തിലും പുരുഷാർത്ഥം ചെയ്യണം. ഓർമ്മയിൽ ഇരുന്നാൽ കാര്യങ്ങൾ നടക്കും. കെട്ടിടം ലഭിക്കും എന്നല്ല. ഡ്രാമയിൽ എന്തുണ്ടോ അതാണ് നടക്കുക, ആഗ്രഹം വെയ്ക്കരുത്. പുരുഷാർത്ഥം ചെയ്യണം. ബാക്കി എന്താണോ ഡ്രാമയിൽ ഉള്ളത് അതാണ് നടക്കുക. മുന്നോട്ട് പോകവേ നിങ്ങളുടെ മനോഭാവവും സഹോദര–സഹോദരൻ എന്നാകും. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം ഈ മനോഭാവം ഉണ്ടാകും. നമ്മൾ അശരീരിയായാണ് വന്നത്. 84 ജന്മങ്ങളുടെ ചക്രം പൂർത്തിയാക്കി. ഇപ്പോൾ ബാബ പറയുന്നു കർമ്മാതീത അവസ്ഥയിലേയ്ക്ക് പോകണം.

നിങ്ങൾക്ക് വസ്തവത്തിൽ ആരോടും ശാസ്ത്രങ്ങളിലെ കാര്യങ്ങൾ പറഞ്ഞ് വാദിക്കേണ്ട ആവശ്യമില്ല. മുഖ്യമായ കാര്യം ഓർമ്മയും അതുപോലെ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ മനസ്സിലാക്കലുമാണ്. ചക്രവർത്തീ രാജാവായി മാറണം. ഈ ചക്രത്തെ മാത്രം മനസ്സിലാക്കിയാൽ മതി. ഇതിന്റെ തന്നെ മഹിമയാണ് സെക്കന്റിൽ ജീവന്മുക്തി എന്നത്. നിങ്ങൾ കുട്ടികൾക്ക് അത്ഭുതം തോന്നുന്നുണ്ടാകും, അരകല്പം ഭക്തി നടക്കുന്നുണ്ട്. ജ്ഞാനം അല്പം പോലുമില്ല. ജ്ഞാനമുള്ളത് ബാബയുടെ കൈയ്യിലാണ്. ബാബയിലൂടെ വേണം അറിയാൻ. ഈ ബാബ എത്ര അസാധാരണമാണ്, അതിനാൽ കോടിയിലും ചിലരേ വരൂ. ആ ടീച്ചർ ഇങ്ങനെ പറയുമോ. ബാബ പറയുന്നു ഞാൻ തന്നെയാണ് അച്ഛനും ടീച്ചറും സദ്ഗുരുവും. അതിനാൽ മനുഷ്യർ കേട്ട് അത്ഭുതപ്പെടുന്നു. ഭാരതത്തെ മാതൃരാജ്യം എന്നു പറയുന്നു എന്തുകൊണ്ടെന്നാൽ അംബയുടെ പേര് വളരെ പ്രശസ്തമാണ്. അംബയുടെ മേളയും ഒരുപാട് നടക്കാറുണ്ട്. അംബ എന്നത് വളരെ മധുരമായ വാക്കാണ്. ചെറിയ കുട്ടികളും അമ്മമാരെ വളരെ അധികം സ്നേഹിക്കുന്നു എന്തുകൊണ്ടെന്നാൽ അമ്മ കഴിപ്പിക്കുകയും കുടിപ്പിക്കുകയും പാലിക്കുകയും ചെയ്യുന്നു. ഇപ്പോൾ അമ്മയ്ക്ക്

അച്ഛനും വേണമല്ലോ. ഇത് കുട്ടിയാണ്, ദത്തെടുത്തതാണ് ഇവർക്ക് പതിയില്ല. ഇത് പുതിയ കാര്യമല്ലേ. പ്രജാപിതാ ബ്രഹ്മാവ് തീർച്ചയായും ദത്തെടുത്തിരിക്കും. ഈ മുഴുവൻ കാര്യങ്ങളും ബാബ തന്നെയാണ് വന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. എത്ര മേളകൾ നടക്കുന്നു, പൂജ നടക്കുന്നു, എന്തു കൊണ്ടെന്നാൽ നിങ്ങൾ കുട്ടികൾ സേവനം ചെയ്യുന്നുണ്ട്. മമ്മ നിങ്ങളെ എത്ര പഠിപ്പിച്ചോ അത്രയും മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. മമ്മയുടെ പ്രശസ്തി അളവില്ലാത്തതാണ്, മേളയും ഒരുപാട് നടക്കാറുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ തന്നെയാണ് വന്ന് രചനയുടെ ആദി മദ്ധ്യ അന്ത്യ രഹസ്യം നിങ്ങൾ കുട്ടികളെ കേൾപ്പിക്കുന്നത്. നിങ്ങൾക്ക് ബാബയുടെ വീടും അറിയാം. ബാബയോടാണ് സ്നേഹം, വീടിനോടും സ്നേഹമുണ്ട്. ഈ ജ്ഞാനം നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്. ഈ പഠിപ്പിലൂടെ എത്ര സമ്പാദ്യം ഉണ്ടാകുന്നു. എങ്കിൽ സന്തോഷവും ഉണ്ടാകേണ്ടേ ഒപ്പം നിങ്ങൾ എത്ര സാധാരണമായിരിക്കുന്നത്. ബാബ വന്ന് ഈ ജ്ഞാനം നൽകുകയാണ് എന്നത് ലോകത്തിന് അറിയില്ല. ബാബ തന്നെയാണ് വന്ന് എല്ലാ പുതിയ പുതിയ കാര്യങ്ങളും കുട്ടികളെ കേൾപ്പിക്കുന്നത്. പുതിയ ലോകം ഉണ്ടാകുന്നത് പരിധിയില്ലാത്ത പഠിപ്പിലൂടെയാണ്. പഴയ ലോകത്തോട് വൈരാഗ്യം ഉണ്ടാകുന്നു. നിങ്ങൾ കുട്ടികളുടെയുള്ളിൽ ജ്ഞാനത്തിന്റെ സന്തോഷം ഉണ്ടാകും. ബാബയേയും വീടിനേയും ഓർമ്മിക്കണം. വീട്ടിലേയ്ക്ക് എല്ലാവർക്കും പോകണം. ബാബ എല്ലാകുട്ടികളോടുമല്ലേ പറയുന്നത് കുട്ടികളേ ഞാൻ നിങ്ങൾക്ക് മുക്തിയുടേയും ജീവന്മുക്തിയുടേയും സമ്പത്ത് നൽകാൻ വന്നതാണ്. എന്നിട്ടും എന്തുകൊണ്ടാണ് മറന്നുപോകുന്നത്! ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ്, രാജയോഗം പഠിപ്പിക്കാൻ വന്നതാണ്. എന്താ നിങ്ങൾ ശ്രീമതം അനുസരിച്ച് നടക്കില്ലേ. ഇല്ലെങ്കിൽ വളരെ അധികം നഷ്ടമുണ്ടാകും. ഇത് പരിധിയില്ലാത്ത നഷ്ടമാണ്. ബാബയുടെ കൈവിട്ടു അർത്ഥം സമ്പാദ്യം നഷ്ടപ്പെടുത്തി. ശരി ഗുഡ്നൈറ്റ്. ഓം ശാന്തി.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ ലോകത്തിലേതായി എന്തെല്ലാമുണ്ടോ അതിനെയെല്ലാം മറക്കണം. ബാബയ്ക്ക് സമാനം അനുസരണയുള്ളവരായി മാറി സേവനം ചെയ്യണം. എല്ലാവർക്കും ബാബയുടെ പരിചയം നൽകണം.

2) ഈ പതിത ലോകത്തിൽ സ്വയത്തെ കുസംഗത്തിൽ നിന്നും രക്ഷിക്കണം. കടയിലെ മോശമായ ഭക്ഷണം കഴിക്കരുത്, സിനിമ കാണരുത്.

## വരദാനം:- ത്രികാലദർശി സ്ഥിതിയിലൂടെ വ്യർത്ഥതത്തിന്റെ കണക്ക് സമാപ്തമാക്കുന്ന സദാ സഫലതാ മൂർത്തിയായി ഭവിക്കട്ടെ.

ത്രികാലദർശി സ്ഥിതിയിൽ സ്ഥിതി ചെയ്യുക എന്നാൽ ഓരോ സങ്കല്പം വാക്ക് കർമ്മം ചെയ്യുന്നതിന് മുൻപായി ഇത് വ്യർത്ഥമാണോ അതോ സമർത്ഥമാണോ എന്നത് പരിശോധിക്കണം. വ്യർത്ഥം ഒരു സെക്കന്റിൽ കോടികളുടെ നഷ്ടം ഉണ്ടാക്കും, സമർത്ഥം ഒരു സെക്കന്റിൽ കോടിമടങ്ങു സമ്പാദ്യം ഉണ്ടാക്കും. ഒരു നിമിഷത്തെ വ്യർത്ഥം പോലും സമ്പാദ്യത്തിൽ വളരെ ഇടിവുണ്ടാക്കുന്നു, അതിലൂടെ നേടിയ സമ്പാദ്യം മറഞ്ഞു പോകുന്നു അതിനാൽ ഏക കാലദർശിയായി കർമ്മം ചെയ്യുന്നതിന് പകരം ത്രികാലദർശിയായി കർമ്മം ചെയ്യൂ അപ്പോൾ വ്യർത്ഥം സാമാപ്തമായി സദാ സഫലതാ മൂർത്തിയായി മാറും.

## സ്ലോഗൻ: മാനം, സ്ഥാനം, സാധനങ്ങൾ ഇവയുടെ എല്ലാം ത്യാഗമാണ് മഹാൻ ത്യാഗം.

**അവ്യക്ത സൂചന:- ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
ഏതുപോലെ ദേഹവും ദേഹിയും രണ്ട് വെവ്വേറെ വസ്തുക്കളാണ്, പക്ഷെ അജ്ഞാനത്തിന് വശപ്പെട്ട് രണ്ടിനെയും ഒന്നാക്കി മാറ്റി. എന്റേതിനെ ഞാൻ എന്ന് മനസ്സിലാക്കി, ഈ തെറ്റ് കാരണം എല്ലാ പ്രശ്നങ്ങളും, ദു:ഖവും അശാന്തിയും വന്നുചേർന്നു. അതുപോലെയാണ് അപവിത്രതയും വിസ്മൃതിയുടെ സംസ്ക്കാരവും, അത് ബ്രാഹ്മണന്റേതല്ല. ശൂദ്രന്റേതാണ്. ഇതിനെ എന്റേത് എന്ന് വിചാരിക്കുമ്പോൾ മായയ്ക്ക് വശപ്പെട്ട് പോകുന്നു പിന്നെ വിഷമിക്കുന്നു.